LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 12-ാം ധനകാര്യ കമ്മിഷന്റെ ശിപാർശയനുസരിച്ച് കടബാധ്യത മൊത്തം റവന്യൂ വരുമാന ആസ്തിയുടെ 300 ശതമാനം അധികരിക്കുമ്പോഴാണ് ഒരു സംസ്ഥാനത്തെ debt stressed ആയി കണക്കാക്കുന്നത്.

(ബി) 31-3-2014-ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കടബാധ്യത 1,19,009.07 കോടി രൂപയും സാമ്പത്തിക ആസ്തി (റവന്യൂ വരുമാനം) 49,176.93 കോടി രൂപയുമാണ്.

(സി) 31-3-2014-ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കടബാധ്യത മൊത്തം റവന്യൂ വരുമാന ആസ്തിയുടെ 300 ശതമാനം അധികരിക്കാത്തതിനാൽ സംസ്ഥാനത്തെ debt stressed ആയി കണക്കാക്കുവാൻ കഴിയുകയില്ല.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

208 (548) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബഡ്ജറ്റിൽ പ്രതീക്ഷിച്ച വരുമാനം കുറയുവാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; വരുമാനത്തിൽ കുറവുണ്ടായിട്ടില്ലെങ്കിൽ പ്ലാൻ എക്സ്പെന്റിച്ചർ നടക്കാത്ത സാഹചര്യത്തിലും സാമ്പത്തിക പ്രതിസന്ധിക്ക് കാരണം എന്തായിരുന്നു ;

(ബി) പൊതുവിപണിയിൽ നിന്നും കടം എടുക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ ആവശ്യം റിസർവ് ബാങ്ക് നിരസിക്കുകയുണ്ടായോ ; എന്തെല്ലാം വിശദീകരണങ്ങളാണ് റിസർവ് ബാങ്ക് സംസ്ഥാനത്തോട് ചോദിച്ചിരുന്നത് ; ഈ സാമ്പത്തിക വർഷത്തിന്റെ പിന്നിട്ട ഓരോ ക്വാർട്ടറിലും എടുത്ത വായ്പകൾ എത്ര വീതമായിരുന്നു ; പരിധിയിലും കൂടുതൽ കടം എടുക്കുകയുണ്ടായോ ;

(സി) ട്രഷറിയിൽ നിന്നും സർക്കാർ ഉത്തരവു പ്രകാരം മാറ്റിക്കൊണ്ടു പോയ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവരുടെ ഫണ്ട് മടക്കിക്കൊണ്ടുവരാനുള്ള തീരുമാനം പ്രായോഗികമാക്കാൻ സാദ്ധ്യമായോ എന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) സംസ്ഥാന ബജറ്റിൽ കണക്കാക്കിയിട്ടുള്ള തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച ഉണ്ടായിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ താത്ക്കാലിക കണക്കുകൾ പ്രകാരം സെപ്റ്റംബർ 30-ന് അവസാനിച്ച ആദ്യ പകുതിയിൽ ബജറ്റ് എസ്റ്റിമേറ്റിന്റെ 40.5 ശതമാനം തുക റവന്യൂ വരവിനത്തിൽ ലഭിച്ചിട്ടുണ്ട്. എങ്കിൽ തന്നെയും വികസനച്ചെലവുകൾ വർദ്ധിച്ചതും സാമൂഹ്യക്ഷേമ പദ്ധതികളിലെ അധികരിച്ച ചെലവും നിമിത്തം സാമ്പത്തിക ഞെരുക്കം ഉണ്ടായിട്ടുണ്ട്.

(ബി) ഇല്ല.

കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള പരിധിക്കുള്ളിൽ നിന്നുമാത്രമെ കടമെടുത്തിട്ടുള്ളൂ. ഈ സാമ്പത്തിക വർഷത്തിന്റെ പിന്നിട്ട ഓരോ ക്വാർട്ടറിലും എടുത്ത വായ്പകൾ ഇപ്രകാരമാണ്

ആദ്യ പാദം (ഏപ്രിൽ-ജൂൺ)	3700 കോടി രൂപ
രണ്ടാം പാദം(ജൂലൈ-സെപ്റ്റംബർ)	3200 "
മൂന്നാം പാദം(ഒക്ടോബർ-ഡിസംബർ) നവംബർ 30 വരെ	2500 "

(സി) ട്രഷറിയിൽ നിന്ന് ഫണ്ട് മാറ്റുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവുകളൊന്നും നൽകിയിട്ടില്ല.

സംസ്ഥാനത്തിന്റെ നാളിതുവരെയുള്ള പൊതു കടം

209(549) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ നാളിതുവരെയുള്ള പൊതുകടം എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly